"ഭരണഭാഷ മാതൃഭാഷ"

RECEIVED
19 FEB 2020
DIRECTORATE OF SURVEY AND LAND RECORDS THIRUVANANTHAPURAM-14.

# കേരള സർക്കാർ

നം.സിഡിഎൻ5/186/2019/പൊഭവ.

പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം, 12.02.2020.

## സർക്കുലർ

വിഷയം:- പൊഭവ – വിവരാവകാശനിയമം 2005 – വിവരാവകാശനിയമം വകുപ്പ് 6 (1), 19(1) പ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൽനൽകുന്ന മറുപടിയിൽ അപേക്ഷ തീയതിയും, അപേക്ഷ ബന്ധപ്പെട്ട കാര്യാലയത്തിൽ ലഭ്യമായ തീയതിയും രേഖപ്പെടുത്തുന്നത് നിർദ്ദേശം നൽകുന്നത് -സംബന്ധിച്ച്.

സൂചന:- 1) 30.03.2016 ലെ 69503/ സിഡിഎൻ5/2015/പൊഭവ സർക്കുലർ
2) 17.12.2019 ലെ നം.20035/ ജി-8 അഡ്മിൻ /2019/ എസ്ഐസി നമ്പരായുള്ള സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷന്റെ കത്ത്.

വിവരാവകാശ നിയമ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ മറുപടി നൽകുമ്പോൾ,സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ/അപ്പീൽ അധികാരികൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സൂചനയിലെ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിന്മേൽ നൽകുന്ന മറുപടികളിൽ അപേക്ഷ തീയതിയും, പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട കാര്യാലയത്തിൽ ലഭ്യമായ തീയതിയും ഉദ്യോഗസ്ഥർ വ്യക്തമായി രേഖപ്പെടുത്തുന്നില്ലെന്നും, ആയതിനാൽ വിവരാവകാശ നിയമപ്രകാരം സമയബന്ധിതമായി മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് പരാതി ഉന്നയിച്ചുകൊണ്ട് വിവരാവകാശ കമ്മീഷനിൽ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷകളുടെ എണ്ണം കൂടിവരുന്നതായി സംസ്ഥാന വിവരാവകാശ കമ്മീഷൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ആയതിനാൽ വിവരാവകാശ നിയമം വകുപ്പ് 6(1), 19(1) പ്രകാരം സമർപ്പിക്കുന്ന അപേക്ഷ/ അപ്പീൽ അപേക്ഷകളിന്മേൽ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരികൾ നൽകുന്ന മറുപടിയിൽ അപേക്ഷ തീയതിയും, പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട കാര്യാലയത്തിൽ ലഭ്യമായ തീയതിയും വ്യക്തമായി രേഖപ്പെടുത്തണമെന്ന് എല്ലാ പൊതു അധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എം.ജി.രഞ്ജിത് കുമാർ**
അഡീഷണൽ സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
രജിസ്ട്രാർ, എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, സി.ഇ.റ്റി ക്യാമ്പസ്, തിരുവനന്തപുരം
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കൊച്ചി
രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, മലപ്പുറം
രജിസ്ട്രാർ, കേരള കലാമണ്ഡലം, തൃശ്ശൂർ
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
( മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ